ബാബറി മസ്ജിദ് സംരക്ഷിക്കാൻ
ജാതിസംവരണം നിലനിർത്താൻ
സവർണ്ണ ഫാസിസത്തിനെതിരെ
അണിനിരക്കുക

കേരളീയ യുവജനവേദി

സവർണ്ണ ഫാസിസത്തിനെതിരെ അണിനിരക്കുക

ഒക്ടോബർ 18-നു ശേഷം ഏതു നിമിഷവും ക്ഷേത്രനിർമ്മാണം ആരംഭിക്കുമെന്ന വിശ്വഹിന്ദു പരിഷത്തിന്റെ ഭീഷണിയും ബാബറിമസ്ജിദ് സ്ഥിതിചെയ്യുന്ന തർക്കസ്ഥലം ഏറ്റെടുത്ത ഉത്തർപ്രദേശ് സർക്കാരിന്റെ നടപടിയും സമീപകാലത്ത് ഇന്ത്യൻ രാഷ്ട്രീയത്തിൽ കൊടുമ്പിരിക്കൊണ്ടിരുന്ന ബാബറിമസ്ജിദ്പ്രശ്നത്തെ പുതിയൊരു വഴിത്തിരിവിൽ എത്തിച്ചിരിക്കുകയാണ് കല്യാൺസിംഗ് മന്ത്രിസഭയുടെ പതനം ഒഴിവാക്കാനുതകുന്ന വിധത്തിൽ രാമക്ഷേത്രത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ കാശ്മീർപ്രശ്നം മുഖ്യമായി ഉന്നയിച്ചുകൊണ്ടുള്ള 'ഏകതായാത്ര'യിലൂടെ മുസ്ളീംവിരുദ്ധ ഹിന്ദുവികാരം വളർത്തിയെടുക്കാനുള്ള ബി ജെ പി യുടെ പുതിയ തന്ത്രങ്ങളോടു വിശ്വഹിന്ദു പരിഷത്തിന്റെ അണികൾക്കിടയിലുള്ള അമർഷവും അസംതൃപ്തിയും എത്ര ശക്തമാണെന്നതിന്റെ സൂചനകൂടിയാണ് ഈ നടപടികൾ. 'രാമക്ഷേത്ര നിർമ്മാണത്തിനല്ല അതിന്റെ പേരിൽ വോട്ടു പിടിക്കാനാണ് ബി ജെ പി. ക്കു താൽപര്യം' എന്ന ഒരു V H. P നേതാവിന്റെ രോഷജനകമായ പ്രസ്താവനയും ഇതേ വസ്തുത തന്നെയാണ് വ്യക്തമാക്കുന്നത് മന്ത്രിസഭ നിലനിർത്തണോ അതോ ക്ഷേത്രനിർമ്മാണം തുടങ്ങണോ എന്ന ധർമ്മസങ്കടത്തിൽ അകപ്പെട്ട കല്യാൺസിംഗിനു തന്റെ കാൽച്ചുവട്ടിലെ മണ്ണ് ഒലിച്ചുപോകുന്നത് തടയണമെങ്കിൽ അടിയന്തിരമായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാതെ രക്ഷയില്ലെന്ന തിരിച്ചറിവാണ് മസ്ജിദിരിക്കുന്ന സ്ഥലം ഏറ്റെടുത്തതിന്റെ പിന്നിലുള്ള പ്രേരണ.

സ്ഥലം അക്വയർ ചെയ്യുന്നതുൾപ്പെടെയുള്ള വളരെ ഗുരുതരമായ ഒരു അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിട്ടും കേന്ദ്ര സർക്കാർ ഉദാസീനമായ സമീപനമാണ് സ്വീകരിച്ചുവരുന്നത്. നിസാര പ്രശ്നങ്ങളുടെ പേരിൽ സംസ്ഥാന സർക്കാരുകളെ പിരിച്ചുവിട്ട് പാരമ്പര്യമുള്ള കോൺഗ്രസ് സർക്കാർ ഈ വിഷയത്തിൽ കാണിക്കുന്ന ഉദാസീനത ആരാധനാലയ സംരക്ഷണബില്ലിലും മണ്ഡൽകമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിലും അവർ സ്വീകരിച്ചിട്ടുള്ള സവർണ്ണ പ്രീണന നയത്തിന്റെ സ്വാഭാവിക പ്രതിഫലനമാണ്. ബാബറി മസ്ജിദിനെ സംബന്ധിച്ച വിവാദം കൊടുമ്പിരിക്കൊള്ളുകയും വർഗ്ഗീയ വിദ്വേഷം ആളിപ്പടരുംവിധം ഒട്ടേറെ സംഭവവികാസങ്ങൾ അരങ്ങേറുകയും ചെയ്ത സാഹചര്യത്തിലാണ് ആരാധനാലയങ്ങളെ സംബന്ധിച്ച വിവാദങ്ങൾ ഒഴിവാക്കുന്നതിനുള്ള നിയമനിർമ്മാണ

ത്തെക്കുറിച്ച് രാഷ്ട്രീയനേതാക്കന്മാർ വാചാലരായത്. ഇന്ന് അധികാരത്തിൽ ഇരിക്കുന്ന കോൺഗ്രസ് ആരാധനാലയങ്ങളെക്കുറിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് 1947 ആഗസ്റ്റ് 15 കട്ട് ഓഫ് ഡേറ്റായി പ്രഖ്യാപിക്കുന്ന നിയമം നടപ്പിൽ വരുത്തുമെന്നു പ്രകടനപത്രികയിലൂടെ വാഗ്ദാനം ചെയ്തിരുന്നു ഈവാഗ്ദാനത്തിന്റെ സാക്ഷാൽക്കാരമെന്ന പ്രതീതി സൃഷ്ടിച്ചുകൊണ്ട് ഒരു ആരാധനാലയ സംരക്ഷണബിൽ പാർലമെന്റിൽഅവതരിപ്പിച്ചു. '47 ആഗസ്റ്റ് 15 കട്ട് ഓഫ് ഡേറ്റായി പ്രഖ്യാപിക്കുന്ന പ്രസ്തുതബില്ലിന്റെ പരിധിയിൽ നിന്നും ബാബറിമസ്ജിദിനെ ബോധപൂർവ്വം ഒഴിവാക്കുകയാണ് ചെയ്തത്. ഈ ഒഴിവാക്കലിന്റെ പിന്നിലുള്ള രാഷ്ട്രീയ തന്ത്രം എന്തെന്നു മനസ്സിലാക്കുമ്പോഴാണ് നരസിംഹറാവുവിന്റെ മതേതര പരിവേഷത്തിനകത്തു മറഞ്ഞിരിക്കുന്ന ഭൂരിപക്ഷ വർഗ്ഗീയ പ്രീണനത്തെ തിരിച്ചറിയാൻ കഴിയുക.

ബാബറി മസ്ജിദിനെ ഒഴിവാക്കിയ നടപടി വിമർശിക്കപ്പെടുമ്പോഴും ആരാധനാലയ ബിൽ പൊതുവെ സ്വാഗതം ചെയ്യപ്പെടുകയാണുണ്ടായത്. ആർ. എസ്. എസ്, ബി ജെ. പി, വിശ്വഹിന്ദുപരിഷത്ത് തുടങ്ങിയ ഹിന്ദുവർഗ്ഗീയ സംഘടനകൾ ആരാധനാലയ ബില്ലിനെതിരെ നഖശിഖാന്തം എതിർപ്പു പ്രകടിപ്പിച്ചു. 'ആരാധനാലയബിൽ മതേതരത്വത്തിന്റെ മരണമണി', 'ഹിന്ദുമത സഹിഷ്ണുതയോടുള്ള വെല്ലുവിളി' തുടങ്ങിയ മുദ്രാവാക്യങ്ങൾ അവർ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു, ഈ വർഗ്ഗീയ ഭ്രാന്തന്മാരുടെ മതേതരത്വവും സഹിഷ്ണുതയും എന്തായിരിക്കുമെന്നതിന്റെ വ്യക്തമായ സൂചനകളാണ് ഇത്തരം നിലപാടിലൂടെ പ്രകടമായത്. മതന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങൾ കയ്യേറാനുള്ള ഹിന്ദു വർഗ്ഗീയവാദികളുടെ അവകാശമായിരിക്കാം ഒരു പക്ഷേ അവരുടെ നിഘണ്ടുവിലെ മതേതരത്വം. ലോകത്തിലൊരിടത്തും കാണാൻ കഴിയാത്തവിധമുള്ള വിശാല മനസ്കതയുടെ മാഹാത്മ്യത്തെക്കുറിച്ച് പെരുമ്പറയടിച്ചു നടക്കുന്നവർ 'സഹിഷ്ണുത' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് അന്യമത വിശ്വാസികളുടെ ചോരകുടിക്കാനുള്ള ആർത്തിയല്ലാതെ മറ്റൊന്നുമല്ല ഇന്നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ കീഴ്ജാതിക്കാരും, മ്ലേച്ഛന്മാരുമായി ചിത്രീകരിച്ച് അവരെ സവർണ്ണ മേധാവിത്വത്തിന്റെ ക്രൂരതക്കു ഇരയാക്കുന്ന ചാതുർവർണ്ണ്യ വ്യവസ്ഥയാൽ പടുത്തുയർത്തിയ ആർഷസംസ്കാരത്തിന്റെയും രാമരാജ്യത്തിന്റെയും വക്താക്കളിൽനിന്നും ഇത്തരമൊരു സമീപനം ഉണ്ടായില്ലെങ്കിലേ നാം അത്ഭുതപ്പെടേണ്ടതുള്ളു. ഹിന്ദുരാഷ്ട്രം അഥവാ രാമരാജ്യം സ്ഥാപിക്കുക എന്ന ചിരകാലസ്വപ്നം സാക്ഷാൽക്കരിക്കുന്നതിനു തീവ്രമായി യത്നിക്കുന്ന ഹിന്ദുവർഗ്ഗീയവാദികൾ സാധാരണ ഹിന്ദുമത അനുയായികളുടെ വിശ്വാസത്തെ തങ്ങളുടെ സങ്കുചിത താൽപര്യത്തിനുപയോഗിക്കുകയെന്ന ദുഷ്ടലാക്കോടെയാണ് അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ

ക്കുമേൽ അവകാശവാദം ഉന്നയിക്കുന്നത്. മൂവായിരത്തോളം ഹിന്ദുക്ഷേത്രങ്ങൾ ഇന്ന് അന്യമതക്കാരുടെ കൈവശമാണെന്നും അവയെല്ലാം തിരിച്ചുപിടിക്കാതെ ഹിന്ദുവിൻെറ ആത്മാഭിമാനം സംരക്ഷിക്കാനാവില്ലെന്നുമാണ് അവരുടെ കണ്ടുപിടുത്തം ഇത്തരം കള്ളപ്രചരണങ്ങളിലൂടെ ഹിന്ദുക്കളുടെ 'ആത്മാഭിമാന'ത്തെ (മതവികാരത്തെ) തട്ടിയുണർത്തി അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ കടന്നാക്രമിക്കാൻ അവരെ പ്രേരിപ്പിക്കുക എന്നതാണു ഹിന്ദുവർഗ്ഗീയവാദികളുടെ ലക്ഷ്യം.

ഈ വിധത്തിലുള്ള ഒരു ബൃഹത്തായ രാഷ്ട്രീയപദ്ധതിയുടെ ഭാഗമെന്ന നിലയിലാണ് ബാബറി മസ്ജിദ് സ്ഥിതിചെയ്യുന്നിടത്ത് രാമക്ഷേത്രം പണിയണമെന്ന ആവശ്യം ഉയർന്നുവന്നത്. ബാബറി മസ്ജിദ് സ്ഥിതിചെയ്യുന്നിടത്താണു രാമൻ ജനിച്ചതെന്നും, അവിടെയുണ്ടായിരുന്ന രാമക്ഷേത്രം തകർത്താണ് ബാബർ പള്ളി പണിതതെന്നും ആയതിനാൽ പള്ളിപൊളിച്ച് രാമക്ഷേത്രം പണിയുന്നത് തികച്ചും ന്യായമായ ഒരു കർത്തവ്യം മാത്രമാണെന്നുമാണ് ഹിന്ദുവർഗ്ഗീയവാദികളുടെ അവകാശവാദം. എന്നാൽ ഈ അവകാശവാദത്തെ സ്ഥിരീകരിക്കുന്ന ചരിത്രവസ്തുതകൾ ഹാജരാക്കാൻ അവർക്കു കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല ചരിത്രത്തിൻെറ പിൻബലമില്ലാത്ത അവകാശവാദമാണ് തങ്ങൾ ഉന്നയിക്കുന്നതെന്ന വസ്തുത മൂടിവയ്ക്കാൻ ഇത് വിശ്വാസത്തിൻെറ പ്രശ്നമാണെന്ന പുതിയ പ്രചരണമാണവർ അഴിച്ചുവിടുന്നത് രാമക്ഷേത നിർമ്മാണം ഹിന്ദുക്കളുടെ മാത്രം പ്രശ്നമല്ലെന്നും അതൊരു ദേശീയാവശ്യമാണെന്നും സമർത്ഥിക്കാനുള്ള ശ്രമത്തിലാണവർ വിദേശാക്രമിയായ ബാബറിൻെറ പള്ളിപൊളിച്ച് ദേശീയ നേതാവായ രാമൻെറ സ്മാരകം ഉയർത്തണമെന്നും അത് ബ്രിട്ടീഷുകാരെ കെട്ടുകെട്ടിച്ചതിനേക്കാൾ മഹത്തായ ഒരു 'ദേശസ്നേഹ' പ്രവർത്തനമാണെന്നുമാണ് ഹിന്ദുവർഗ്ഗീയ വാദികളുടെ പ്രചരണം. ബാബർ വിദേശാക്രമിയാണെങ്കിൽ ആര്യവംശത്തിൻെറ പ്രതിനിധിയായ രാമനും വിദേശാക്രമികളുടെ ലിസ്ററിൽപെടുമെന്ന വസ്തുത ഗീബൽസിൻെറ പ്രചരണതന്ത്രത്തിലൂടെ മൂടിവയ്ക്കാൻ കഴിയുമെന്ന മൂഢവിശ്വാസത്തിലാണവർ. 'രാമരാജ്യത്തിൽ രാമക്ഷേത്രത്തിനു വിലക്കോ' എന്ന അത്ഭുതമുളവാക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുമ്പോഴും ആര്യന്മാരുടെ കടന്നുവരവിനെക്കുറിച്ചുള്ള ചരിത്രവസ്തുതകൾ ഹിന്ദുവർഗ്ഗീയവാദികളുടെ സ്വാസ്ഥ്യത നഷ്ടപ്പെടുത്തുന്നു. ഒരു പ്രേതബാധപോലെ തങ്ങളെ പിടികൂടിയിരിക്കുന്ന ഈ ചരിത്രവസ്തുതയെ മറികടക്കാനുള്ള കുതന്ത്രമെന്ന നിലയിൽ ആര്യന്മാർ ഇന്ത്യൻ വംശജരാണെന്നു തെളിയിക്കാനുള്ള തീവ്രശ്രമത്തിലാണവർ വ്യാപൃതരായിരിക്കുന്നത്.

ഹിന്ദുക്കൾ ദൈവമായി ആരാധിക്കുന്ന രാമന് ഒരു ക്ഷേത്രം പണിയുക എന്ന കേവലമായ വികാരമല്ല രാമക്ഷേത്രനിർമ്മാണത്തിനു പിന്നി

ലുള്ളത്. ആർഷസംസ്കാരത്തിൽ അധിഷ്ഠിതമായ രാമരാജ്യത്തിനു അടിക്കല്ലിടുകയെന്നതാണ് രാമക്ഷേത്രനിർമ്മാണത്തിനു പിന്നിലുള്ള യഥാർത്ഥ വികാരം. അതിനു വേണ്ടി എന്തു ഹീനമായ മാർഗ്ഗം അവലംബിക്കാനും യാതൊരു മനസാക്ഷിക്കുത്തും ഇല്ലാത്തവരാണ് ആർഷസംസ്കാരത്തിന്റെ പുത്തൻ വക്താക്കൾ. '47 ആഗസ്ററ് 15 ആരാധനാലയങ്ങളെ സംബന്ധിച്ച അടിസ്ഥാന വർഷമായി പരിഗണിച്ചാൽ തങ്ങൾ സ്വീകരിച്ചുവന്ന നികൃഷ്ടമായ പ്രവർത്തനങ്ങളുടെ കള്ളി മുഴുവൻ വെളിച്ചത്താകും എന്ന ഭീതിയാണ് ആരാധനാലയ ബില്ലിനെ നഖശിഖാന്തം എതിർക്കാൻ ഹിന്ദുവർഗ്ഗീയവാദികളെ പ്രേരിപ്പിക്കുന്നത്. നാനൂറു വർഷം പഴക്കമുള്ള ബാബറി മസ്ജിദിനകത്തു '49 ഡിസംബർ മാസത്തിൽ രാമവിഗ്രഹം കൊണ്ടുവച്ചിട്ട് അത് സ്വയംഭൂവായി ഉയർന്നുവന്നതാണെന്ന കള്ളപ്രചരണത്തിലൂടെ പള്ളി പിടിച്ചെടുക്കാനുള്ള നീചമായ മാർഗ്ഗമാണ് ഹിന്ദുവർഗ്ഗീയവാദികൾ അവലംബിച്ചത്. ഇത് ഇന്നാർക്കും നിഷേധിക്കാനാവാത്ത ഒരു ചരിത്രവസ്തുതയാണ്. എന്നാൽ പരിപാവനമെന്നു വിശേഷിപ്പിക്കപ്പെടുന്ന കോടതി ഒരു പററം വർഗ്ഗീയ ഭ്രാന്തൻമാർ നടത്തിയ ഈ അതിക്രമത്തിനെതിരെ കർക്കശമായ നിലപാടു സ്വീകരിച്ചില്ലെന്നു മാത്രമല്ല അവർക്ക് സഹായകമാവുന്ന വിധത്തിലുള്ള സമീപനമാണ് സ്വീകരിച്ചത് സംഘർഷങ്ങൾ ഒഴിവാക്കാൻ എല്ലാവരും അന്തിമമായി കോടതി വിധിയെ മാനിക്കണമെന്നു നമ്മുടെ നാട്ടിലെ 'ജനാധിപത്യവാദികൾ' വിലപിക്കുമ്പോഴും ഈ വിഷയത്തിൽ പലവട്ടം പക്ഷപാതപരമായ നിലപാടെടുത്ത ഇന്ത്യയിലെ കോടതികളിൽ നിന്നു നീതി ലഭിക്കില്ലെന്നു ആരെങ്കിലും ശങ്കിച്ചാൽ അവരെ കുററപ്പെടുത്താനാവുമോ ?

ബാബറി മസ്ജിദിനെതിരായ ഹിന്ദുവർഗ്ഗീയവാദികളുടെ കടന്നാക്രമണത്തോടു നിലപാടെടുക്കാനുള്ള ഭരണാധികാരികളുടെ വിമുഖതയാണ് ആരാധനാലയബില്ലിന്റെ പരിധിയിൽ നിന്നും മസ്ജിദിനെ ഒഴിവാക്കിയതിലൂടെ വ്യക്തമായത്. എന്നു മാത്രമല്ല മതേതരത്വത്തിന്റേയും മതസൗഹാർദ്ദത്തിന്റേയും ശക്തരായ വക്താക്കളെന്നവകാശപ്പെടുന്ന കോൺഗ്രസ് ഭരണാധികാരികളുടെ ഭൂരിപക്ഷ വർഗ്ഗീയ പ്രീണനത്തിന്റെ ഭാഗമായി കൂടിയാണ് ഈ ഒഴിവാക്കൽ. ബാബറി മസ്ജിദിനെ തർക്ക വിഷയമായി തട്ടിയെടുക്കുക എന്നതാണല്ലോ ഹിന്ദുവർഗ്ഗീയ വാദികളുടെ തന്ത്രം. ആരാധനാലയബില്ലിന്റെ പരിധിയിൽ നിന്നും മസ്ജിദിനെ ഒഴിവാക്കിയതിലൂടെ ഫലത്തിൽ അതൊരു വിവാദവിഷയമാക്കി മാററുക എന്ന ഹിന്ദുവർഗ്ഗീയവാദികളുടെ താല്പര്യമാണ് സംരക്ഷിക്കപ്പെട്ടത്. ആരാധനാലയ ബില്ലിനെ മൊത്തത്തിൽ എതിർക്കുമ്പോഴും അതിന്റെ പരിധിയിൽനിന്നു മസ്ജിദിനെ ഒഴിവാക്കിയ കേന്ദ്രഭരണാധികാരികളുടെ 'സന്മനസി'നെ ഏററവും കൂടുതൽ ശ്ലാഘിച്ചത് ബി ജെ. പി നേതാക്കൻമാരാണെന്ന വസ്തുതകൂടി പരിഗണിക്കുമ്പോൾ അതിന്റെ

പിന്നിലുള്ള യഥാർത്ഥ താല്പര്യം എന്തെന്നു ചിന്തിക്കാൻ നാം നിർബന്ധിതരായി തീരും. ആരാധനാലയങ്ങളെ സംബന്ധിച്ച വിവാദങ്ങൾ അവസാനിപ്പിക്കാൻ 1950 ജനുവരി 26 അടിസ്ഥാനമാക്കി നിയമം കൊണ്ടുവരും എന്നതായിരുന്നു കോൺഗ്രസിന്റെ ആദ്യനിലപാട്. ഹിന്ദുവർഗ്ഗീയവാദികളുടെ സമ്മർദത്തിനു കീഴടങ്ങി ബാബറി മസ്ജിദിന്റെ ഗെയ്റ്റ് തുറന്നുകൊടുത്തതും നിരോധിതമേഖലയിൽ ശിലാന്യാസത്തിന് അവസരം ഒരുക്കിയതും കോൺഗ്രസ് ഭരണാധികാരികളാണെന്ന വസ്തുത എല്ലാവർക്കും അറിവുള്ളതാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മുസ്ലീംലീഗിനെ സഖ്യകക്ഷിയായി നിലനിർത്തുന്നതിനു വേണ്ടി മാത്രമാണ് 50 ജനുവരി 26-നു പകരം 47 ആഗസ്റ്റ് 15 ആരാധനാലയങ്ങളെ സബന്ധിച്ച കട്ട് ഓഫ് ഡേറ്റായി പരിഗണിക്കുമെന്നു കോൺഗ്രസ് പ്രകടനപത്രികയിലൂടെ വാഗ്ദാനം നല്കിയത്. എന്നാൽ ബാബറി മസ്ജിദിന് ഈ പരിഗണന ബാധകമല്ലെന്നു പ്രഖ്യാപിച്ചതിലൂടെ കോൺഗ്രസ് തങ്ങളുടെ പഴയ നിലപാടിൽ ഉറച്ചു നില്ക്കുകയാണെന്നു ഒരിക്കൽകൂടി തെളിയിച്ചിരിക്കുന്നു. മതന്യൂനപക്ഷങ്ങളുടെ മൂവായിരത്തോളം ആരാധനാലയങ്ങൾക്കുമേൽ അവകാശവാദം ഉന്നയിക്കുന്ന ഹിന്ദുവർഗ്ഗീയവാദികൾ മൂന്നെണ്ണം തന്നാൽ ബാക്കിയുള്ളത് ഒഴിവാക്കാമെന്ന 'മഹാമനസ്കത പ്രകടിപ്പിച്ചിട്ടുണ്ട്. ബാബറി മസ്ജിദുകൊണ്ടു ഹിന്ദുവർഗ്ഗീയവാദികളെ സംതൃപ്തരാക്കാനും അങ്ങനെ ബി. ജെ. പി യുടെ അടിത്തറ തങ്ങളുടേതാക്കി മാററാനും കഴിയുകയാണെങ്കിൽ, മുസ്ലിം നേതാക്കളിൽ സമ്മർദ്ദം ചെലുത്തി പ്രശ്നം 'രമ്യ'മായി പരിഹരിക്കാനുള്ള നരസിംഹറാവുവിന്റെ ഗൂഢതന്ത്രം ആരാധനാലയ ബില്ലിന്റെ പിന്നിൽ മറഞ്ഞിരിക്കുന്നു

മണ്ഡൽകമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിലും കേന്ദ്രസർക്കാർ ഇതിനു സമാനമായ ചില ഒളിച്ചുകളി നടത്തുകയാണ്. കേന്ദ്രസർക്കാരിന്റെ സംവരണനയത്തിലൂടെ ഇത് കൂടുതൽ വ്യക്തമാവുകയുംചെയ്തിട്ടുണ്ട്. മണ്ഡൽ ശുപാർശപ്രകാരം പിന്നോക്കക്കാർക്ക് 27 ശതമാനം സംവരണം നൽകുന്നതോടൊപ്പം 10 ശതമാനം സാമ്പത്തിക സംവരണം കൂടി നടപ്പാക്കുക എന്നതാണ് കേന്ദ്രനയം. പിന്നോക്കക്കാർക്കുള്ള സംവരണം പോലും അവർക്കിടയിലെ സാമ്പത്തിക മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണു നല്കുക. എല്ലാ വിഭാഗങ്ങളുടെയും താൽപര്യങ്ങളെ സംരക്ഷിക്കാനെന്ന വ്യാജേന മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ ജാതിസംവരണം നടപ്പിലാക്കണമെന്ന മർമ്മപ്രധാനമായ നിർദ്ദേശത്തെ നിഷ്പ്രഭമാക്കാനുള്ള ഗൂഢാലോചനയാണ് കേന്ദ്രസർക്കാരിന്റെ സംവരണനയത്തിൽ ഉള്ളടങ്ങിയിരിക്കുന്നത്. മററൊരിടത്തും ഇല്ലാത്തവിധം ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ സവിശേഷതയായി നിലനിൽക്കുന്ന ജാതിവ്യവസ്ഥയുടെ ക്രൂരതയ്ക്ക് നൂററാണ്ടുകളോളം ഇരയായവരും, ഇന്നും അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നവരുമായ ജനവിഭാഗങ്ങളുടെ സാമൂഹ്യമായ തുല്യത ഉറപ്പുവരുത്തണമെങ്കിൽ ജാതിസംവരണം അനിവാര്യമാണെന്നതാണു മണ്ഡൽകമ്മീഷൻ റിപ്പോർട്ടി

ന്റെ കാതലായ നിർദ്ദേശം. ഈ നിർദ്ദേശമാണു മണ്ഡൽ റിപ്പോർട്ടിനെതിരെ തിരിയാൻ സവർണ്ണമേധാവിത്വശക്തികളെ പ്രേരിപ്പിച്ചത്. ഇന്ത്യൻ ഭരണകൂടത്തിന്റെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥ ശൃംഖലകളെല്ലാം ഇന്ന് കയ്യടക്കിവച്ചിരിക്കുന്നത് സവർണ്ണമേധാവികളാണ്. ഈ അധികാര കുത്തകയ്ക്ക് അല്പമെങ്കിലും ക്ഷതമേല്പിക്കാനുതകുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനെ ഒരു തരത്തിലും വെച്ചു പൊറുപ്പിക്കാനാവില്ലെന്നാണു സവർണ്ണമേധാവികളുടെ നിലപാട്.

ജാതിസംവരണം ജാതിവൈരം സൃഷ്ടിക്കുന്നതിനിടയാക്കുമെന്നും അത് അർഹതക്കുള്ള അംഗീകാരത്തെ നിഷേധിക്കുന്ന ഒന്നാണെന്നും ആയതിനാൽ സാമ്പത്തിക സംവരണമാണു ശാസ്ത്രീയമായിട്ടുള്ളതെന്നുമാണു സവർണ്ണ ലോബിയുടെ അവകാശവാദം. കഴിവുകളും യോഗ്യതകളും മാനദണ്ഡമാക്കിയാണു ജോലികൊടുക്കേണ്ടതെന്ന വാദം ഉന്നയിക്കുമ്പോൾ ഇന്നാട്ടിലെ ബഹുഭൂരിപക്ഷവും കഴിവുകളുടെയും യോഗ്യതകളുടെയും കാര്യത്തിൽ പിന്നോക്കം തള്ളപ്പെടാനിടയാക്കിയ സാഹചര്യം കൂടി നാം പരിഗണിക്കണം. നൂററാണ്ടുകളായി അറിവുകൾ നിഷേധിക്കപ്പെട്ട് എല്ലാവിധ സമ്പത്തിൽനിന്നും അധികാരത്തിൽനിന്നും ആട്ടിയോടിക്കപ്പെട്ട്, മനുഷ്യരായി പോലും പരിഗണിക്കപ്പെടാതെ, മ്ലേഛന്മാരായി ചിത്രീകരിക്കപ്പെട്ടവരാണ് ഇന്നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന താഴ്ന്നജാതിക്കാർ. സവർണ്ണമേധാവിത്വത്തിൽ അധിഷ്ഠിതമായ ജാതിവ്യവസ്ഥയുടെ നിലനില്പായിരുന്നു ന്യൂനപക്ഷം വരുന്ന സവർണ്ണർ മാത്രം 'യോഗ്യന്മാരും' ഭൂരിപക്ഷം വരുന്ന അവർണ്ണർ 'അയോഗ്യന്മാരു'മായി മാറുന്നതിനിടയാക്കിയത് എന്ന യാഥാർത്ഥ്യം ആർക്കും നിഷേധിക്കാനാവില്ല ജാതീയമായ വിവേചനം നിലനില്ക്കുന്ന ഒരു സമൂഹത്തിൽ അതിനെ പരിഗണിക്കാതെ കേവല തുല്യതയെക്കുറിച്ചു നടത്തുന്ന വാചകകസർത്തുകൾ ജനാധിപത്യവിരുദ്ധമായ ഒന്നാണ്. ഈ ജനാധിപത്യ വിരുദ്ധപ്രവണതയുടെ സ്വാഭാവിക പ്രതിഫലനം മൂലമാണ് 15 ശതമാനത്തിൽ താഴെ വരുന്ന സവർണ്ണർ കേന്ദ്രസർവ്വീസിലെ 75 ശതമാനത്തിലധികം ഉദ്യോഗങ്ങൾ കൈവശപ്പെടുത്തിയത്. അവർണ്ണ ജാതികൾ അഭിമുഖീകരിക്കുന്ന ജാതിമർദ്ദനവും അതിനെതിരായ സമരത്തിന്റെ പ്രസക്തിയും തിരിച്ചറിയാനോ; മർദ്ദിത ജാതി ജനവിഭാഗങ്ങളുടെ ജനാധിപത്യാവകാശങ്ങൾക്കുവേണ്ടി നിലയുറപ്പിക്കേണ്ടതിന്റെ ആവശ്യകത മനസിലാക്കാനോ കഴിയാത്ത പരിതാപകരമായ അവസ്ഥാവിശേഷത്തിൽ നിന്നാണ് സാമ്പത്തിക ഉച്ചനീചത്വങ്ങൾ പരിഹരിക്കുന്നതിലൂടെ ജാതിപ്രശ്നം പരിഹരിക്കാമെന്ന യാന്ത്രിക നിലപാട് ഉയർന്നു വരുന്നത്. ഈ യാന്ത്രിക നിലപാട് സാമ്പത്തിക സംവരണത്തിന് അനുകൂലമായിതീരുമെന്നു മാത്രമല്ല, അത് ഫലത്തിൽ സവർണ്ണമേധാവിത്വ താല്പര്യങ്ങളെ സേവിക്കുന്നതിലാണു പര്യവസാനിക്കുക. ഇങ്ങനെ സാമ്പത്തിക സംവരണം കൂടി ചേർത്ത് സവർണ്ണ ലോബിയുടെ സമ്മർദ്ദത്തിനു കീഴടങ്ങി എന്നതാണു കേന്ദ്രസർക്കാരിന്റെ സംവരണനയത്തിന്റെ സവിശേഷത.

ന്റെല്ലാം പരിമിതികഠം ഉണ്ടെങ്കിലും സവർണ്ണർ ഒരു ന്യൂനപക്ഷമാ ണെന്നും തങ്ങഠം ഒരു ശക്തിയാണെന്നും ഉളള തിരിച്ചറിവ് ചെറിയ തോതിലാണെങ്കിലും അവർണ്ണർക്കിടയിൽ ഉണ്ടാക്കാൻ കഴിഞ്ഞു എന്നതാണു മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൻെറ ചരിത്രപരമായ പങ്ക്. ഒട്ടേറെ ജാതി വിരുദ്ധ പോരാട്ടങ്ങഠം നടന്നിട്ടുളള ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സവർണ്ണ മേധാവിത്വത്തിനെതിരെ അവർണ്ണരുടെ അവകാശബോധത്തെ തട്ടിയുണർത്താനും മുമ്പൊരിക്കലും കാണാത്ത വിധമുളള സവർണ്ണ-അവർണ്ണ ധ്രുവീകരണത്തിനു ആക്കം കൂട്ടാനും കഴിഞ്ഞുവെന്നത് മണ്ഡൽ റിപ്പോർട്ടിൻെറ സംഭാവനയാണ്. ഈ സാമൂഹിക ധ്രുവീകരണത്തെ ഏററവും ഭയപ്പാടോടെ നോക്കികാണുന്നത് ഹിന്ദുരാഷ്ട്രവാദികളാണ്. രാമക്ഷേത്ര നിർമ്മാണത്തിലൂടെ തങ്ങഠം വളർത്തിയെടുത്ത ഹിന്ദുത്വത്തിന് ഈ സാമൂഹിക ധ്രുവീകരണത്തിൻെറ വികാസത്തിലൂടെ സംജാതമാകാൻ പോകുന്ന അനി വാര്യമായ തകർച്ചയാണ് ഹിന്ദുവർഗ്ഗീയവാദികളെ അലട്ടുന്നത്. ആർഷസംസ്കാരത്തിൻെറ മഹാത്മ്യത്തെ പ്രകീർത്തിച്ചും, രാമരാജ്യ മുദ്രാവാക്യത്തിലൂടെ വൈകാരികമായ ഹിന്ദുവികാരം സൃഷ്ടിച്ചും ജാതിവിവേചനത്തെ മൂടിവെയ്ക്കാനാവുമെന്ന ഹിന്ദുവർഗ്ഗീയവാദികളുടെ വ്യാമോഹമാണ് ഇവിടെ തകർന്നു വീഴുന്നത്. ഏതു ജാതിയിൽപെട്ടവരായാലും അവരുടെ സിരകളിലൂടെ ഒഴുകുന്നത് ഹൈന്ദവരക്തമാണെന്നു പ്രചരിപ്പിച്ച് നടന്നിരുന്ന ഹിന്ദുരാഷ്ട്രവാദികഠംക്ക് ജാതിസംവരണം പോലുളള ഒരു നിർണ്ണായകപ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വന്നപ്പോഠം തികഞ്ഞ സവർണ്ണ പക്ഷപാതിത്വം കാണിക്കേണ്ടിവന്നു. ഹിന്ദുരാഷ്ട്രവാദത്തിൻെറ പിന്നിലുളള യഥാർത്ഥ ശക്തി സവർണ്ണമേധാവിത്വം തന്നെയാണെന്നുളള വസ്തുത ഒരിക്കൽ കൂടി പ്രകടമായി എന്നു മാത്രമല്ല ശംബൂകൻെറ തലയറുത്ത സവർണ്ണമേധാവിയായ രാമൻെറ രാജ്യം തങ്ങളുടെ ശവപ്പറമ്പായിരിക്കുമെന്ന യാഥാർത്ഥ്യം സാവകാശത്തിലാണെങ്കിലും അവർണർ തിരിച്ചറിഞ്ഞു തുടങ്ങുന്നതിന് ഇതിടയാക്കുകയും ചെയ്തു.

ബാബറി മസ്ജിദിനെതിരെ കടന്നാക്രമണ ഭീഷണി മുഴക്കുന്നതും മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ ജാതി സംവരണത്തിനെതിരെ ഹാലിളകുന്നതും ഒരേ ശക്തികഠം തന്നെയാണ്. ചാതുർവർണ്ണ്യ വ്യവസ്ഥയിലൂടെ നൂററാണ്ടുകളോളം ഇന്ത്യൻ ഉപഭൂഖണ്ഡത്തിലാകമാനം ആധിപത്യം ചെലുത്തിയിരുന്ന, ആർഷസംസ്കാരത്തിൻെറ വക്താക്കളായ സവർണ്ണ മേധാവിത്വമാണ് ഈ ശക്തി. ഇന്ത്യൻ ഭരണകൂടത്തിലും രാഷ്ട്രീയരംഗത്തും ഇവർക്കുളള സ്വാധീനം എത്ര ശക്തമാണെന്ന് ഒട്ടേറെ സന്ദർഭങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇന്നാകട്ടെ തങ്ങളുടെ എതിരാളികളെ ഏതൊരു നിമിഷവും കടന്നാക്രമിക്കാൻ തയ്യാറായി നിൽക്കുന്ന, ഫണം വിടർത്തിയാടുന്ന അത്യുഗ്ര വിഷമുളള സർപ്പത്തെപോലെ ഒരു ഫാസിസ്ററു ശക്തിയായി സവർണ്ണ മേധാവിത്വം രൂപാന്തരപ്പെട്ടിരിക്കുന്നു. മുമ്പൊരിക്കലും

പ്രകടമാവാത്തവിധം ഈ ഫാസിസ്റ്റു ശക്തിയുടെ വളർച്ചക്കു പിന്നിലുള്ള രാഷ്ട്രീയസാഹചര്യം എന്തെന്നുള്ള തിരിച്ചറിവ് അതിനെതിരായ പ്രതിരോധനിര വളർത്തിയെടുക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

ഇന്ത്യൻ രാഷ്ട്രീയത്തിലെ നിർണ്ണായകമായ ചില രാഷ്ട്രീയപ്രശ്നങ്ങളും സവർണ്ണ ഫാസിസത്തിന്റെ ശക്തിപ്പെടലും തമ്മിൽ ബന്ധമുണ്ട്. മതേതരത്വത്തിന്റെ മേനി നടിക്കുകയും ഭൂരിപക്ഷ വർഗ്ഗീയതയെ താലോലിക്കുകയും ചെയ്യുന്ന പ്രവണത ഇന്ത്യൻ ഭരണകൂടത്തിന്റെ നാലുദശകത്തെ ചരിത്രത്തിൽ പലപ്പോഴും പ്രകടമായിട്ടുള്ള ഒന്നാണ്. എന്താണിതിനു കാരണം ? അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ നയത്തിന്റെ പ്രശ്നമാണോ അതോ ഇന്ത്യൻ ഭരണകൂടത്തിന്റെ അടിസ്ഥാന സ്വഭാവവിശേഷമാണോ ഇത് എന്നത് ഗൗരവതരമായ പഠനം അർഹിക്കുന്നു. ഇന്ത്യ-പാക്കിസ്ഥാൻ വിഭജനത്തിനുശേഷം ഇന്ത്യ എടുത്തണിഞ്ഞ മതേതരത്വത്തിന്റെ മേലങ്കിക്കുള്ളിൽ മറഞ്ഞിരുന്ന ഹൈന്ദവത മറനീക്കി പുറത്തു വന്നിരിക്കുന്നു എന്നതാണു ഇന്നത്തെ പ്രത്യേകത. അടുത്തകാലത്ത് ശക്തി പ്രാപിച്ച പഞ്ചാബിലെയും ആസാമിലെയും കാശ്മീരിലെയും പോലുള്ള വിഘടനവാദമെന്ന മുദ്രയടിക്കപ്പെടുന്ന ദേശീയ പ്രക്ഷോഭങ്ങൾ ഇന്ത്യൻ ഭരണകൂടത്തിന്റെ നിലനില്പിനു തന്നെ ഭീഷണിയായി തീർന്ന രാഷ്ട്രീയ സാഹചര്യമാണ് ഇന്ത്യൻ മതേതരത്വത്തിന്റെ തനിനിറം തുറന്നുകാട്ടുന്നതിന് ഇടയാക്കിയത്. വ്യത്യസ്തഭാഷയും സംസ്കാരവുമുള്ള വിഭിന്ന ദേശീയതകളെ ഒരു കേന്ദ്രീകൃതമായ ഭരണകുടത്തിൻ കീഴിൽ നിലനിർത്തുന്ന രാഷ്ട്രീയ ഘടനയാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഇന്ത്യയെ ഒരു ഏകീകൃത വിപണിയായി നിലനിർത്തുക എന്ന അഖിലേന്ത്യ കുത്തകകളുടെ താല്പര്യമാണ് ഇതിന്റെ പിന്നിൽ. 40 കളിലും 50 കളിലും ശക്തിപ്രാപിച്ച ഭാഷാ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ഈ കേന്ദ്രീകൃത ഘടനക്കെതിരായ അമർഷങ്ങൾ ആയിരുന്നെങ്കിലും ബ്രിട്ടീഷ് വിരുദ്ധ സമരത്തിന്റെയും, പാക്കിസ്ഥാൻ വിഭജനത്തിന്റെയും വൈകാരിക പശ്ചാത്തലത്തെ ഉപയോഗിച്ച് ഈ കേന്ദ്രീകൃത ഘടന ഉറപ്പിക്കപ്പെടുകയാണുണ്ടായത്. എന്നാൽ 80 കളോടെ സ്ഥിതി മാറുകയും ദേശീയപ്രക്ഷോഭങ്ങൾ ഇന്ത്യൻ അഖണ്ഡതയ്ക്കുതന്നെ വെല്ലുവിളിയായി തീരുകയും ചെയ്തു. ഈ സാഹചര്യം അഖണ്ഡത സംരക്ഷണത്തിന് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കാൻ ഭരണവർഗ്ഗങ്ങളെ നിർബന്ധിതരാക്കി. ഏതെങ്കിലും ഒരു മുഖ്യദേശീയതയെ ആശ്രയിക്കാനില്ലാത്ത ഇന്ത്യൻ ഭരണകൂടം ഭൂരിപക്ഷ വർഗ്ഗീയതയെ അഖണ്ഡത സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തുകയായിരുന്നു. പഞ്ചാബ് പ്രശ്നത്തെ സിഖ് പ്രശ്നമായും കാശ്മീർ പ്രശ്നത്തെ മുസ്ലീം പ്രശ്നമായും ചിത്രീകരിച്ച് അതിനെ നേരിടാൻ ഹിന്ദുവികാരത്തെ ഉപയോഗപ്പെടുത്തുന്ന കേന്ദ്രസർക്കാറിന്റെ രാഷ്ട്രീയനീക്കങ്ങളുടേതായ പശ്ചാത്തലമാ

ണ് ഹിന്ദു വർഗ്ഗീയ വാദത്തിന്റെ ബീഭത്സമായ വളർച്ചക്കിടയാക്കിയത്. മാനവസമൂഹത്തിന്റെ വികാസക്രമത്തിൽ ചരിത്രപരമായി രൂപപ്പെട്ടു വന്ന ദേശീയ ജനതകളെയും അവരുടെ സംസ്കാരത്തെയും അംഗീകരിക്കാനോ, അവരുടെ ജനാധിപത്യാവകാശങ്ങൾ മാനിക്കാനോ തയ്യാറാവാതെ, ഭാരതത്തിനു ഒരു കൃത്രിമ ദേശീയത പടച്ചുണ്ടാക്കാനുള്ള തീവ്രശ്രമത്തിലാണ് അഖണ്ഡതാവാദികൾ. ഹിന്ദു രാഷ്ട്രവാദികൾ പരസ്യമായി തന്നെ ഹൈന്ദവ ദേശീയതയെ ഉയർത്തിപ്പിടിക്കുമ്പോൾ അതിനു ബദലായി സെക്കുലർ സംസ്കാരം അന്വേഷിച്ചിറങ്ങി പുറപ്പെട്ടവരും ഹൈന്ദവ ദേശീയ വാദത്തിന്റെ ചെളിക്കുണ്ടിലേക്ക് നിപതിച്ചു കൊണ്ടിരിക്കുന്നു എന്നതാണു യാഥാർത്ഥ്യം.

അഖണ്ഡതാ രാഷ്ട്രീയത്തിന്റെ തണലിലാണ് സവർണ്ണഫാസിസം ഇന്ന് ശക്തി സംഭരിക്കുന്നത്. അഖണ്ഡതക്കു വില വക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കൊന്നും സവർണ്ണ ഫാസിസത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയാതെ വരുന്നതിന്റെയും ഇന്ത്യൻ ഭരണകൂടം പലപ്പോഴായി പ്രകടിപ്പിക്കുന്ന സവർണ്ണ പ്രീണനത്തിന്റെയും കാരണം ഇതാണ്. രാജീവ് സർക്കാറിന്റെ സവർണ്ണപ്രീണന നയത്തെ തുറന്നെതിർക്കാൻപോലും ശേഷിയില്ലാത്ത അവസ്ഥയിലാണു ദേശീയമുന്നണി-ഇടതുസഖ്യം. മുസ്ലിം ജനവിഭാഗത്തിന്റെ സംരക്ഷകരാണെന്നു അവകാശപ്പെടുന്ന മുസ്ലിം ലീഗാകട്ടെ കോൺഗ്രസിന്റെ വാലിൽ തൂങ്ങിക്കിടക്കുന്ന അവസ്ഥയിലും. ജനാധിപത്യത്തേയും മതേതരത്വത്തേയും കുറിച്ചുള്ള വാചകക്കസർത്തുകൾ സവർണ്ണ ഫാസിസത്തെ പ്രതിരോധിക്കാൻ പര്യാപ്തമല്ല. ഭൂരിപക്ഷ വർഗ്ഗീയതയെ ന്യൂനപക്ഷ വർഗ്ഗീയത കൊണ്ടു നേരിടാമെന്നു കരുതുന്നതും മൗഢ്യമാണ്. ദേശീയ ജനതകളുടെ പ്രാഥമികമായ ജനാധിപത്യ അവകാശത്തെ പോലും നിഷേധിക്കുന്ന ഇന്ത്യൻ ഭരണകൂടത്തിന്റെ സ്വഭാവത്തെയും അതിൽ സവർണ്ണ ഫാസിസത്തിനുള്ള നീരാളിപിടുത്തത്തിന്റെ വ്യാപ്തിയേയും തിരിച്ചറിയുക എന്നത് സവർണ്ണ നാസികളെ നേരിടുന്നതിന് മർമ്മപ്രധാനമാണ്.

ജാതിസംവരണത്തിനും ബാബറിമസ്ജിദിനും എതിരെ കടന്നാക്രമണ ഭീഷണി ഉയർത്തുന്ന സവർണ്ണ ഫാസിസത്തെ എന്തുവിലകൊടുത്തും പരാജയപ്പെടുത്തേണ്ടത് മുഴുവൻ ജനാധിപത്യ വിശ്വാസികളുടെയും അടിയന്തിര കടമയാണ്. എന്തെങ്കിലും നിയമനിർമ്മാണത്തിലൂടെ മാത്രം ഇവരെ ചെറുക്കാമെന്നു വ്യാമോഹിക്കുന്നതിൽ അർത്ഥമില്ല. പ്രത്യേകിച്ച് ബജ്രംഗ്ദൾ പോലുള്ള സൈനിക വിഭാഗങ്ങൾ വരെ രൂപപ്പെടുത്തിക്കൊണ്ട് എല്ലാവിധത്തിലുമുള്ള കടന്നാക്രമണങ്ങൾ നടത്താൻ സവർണ്ണ ഫാസിസ്റ്റുകൾ തയ്യാറായി നിൽക്കുന്ന സ്ഥിതിക്ക്. സവർണ്ണ ഫാസിസത്തിന്റെ ഭീകരതക്കി

രയാകുന്ന മർദ്ദിത ജാതികളും മതന്യൂനപക്ഷങ്ങളും മററു പുരോഗമന
ജനാധിപത്യ ശക്തികളും യോജിച്ചു പ്രവർത്തിക്കേണ്ട സന്ദർഭമാണിത്.
സവർണ്ണ ഫാസിസത്തിനെതിരെ വിശാലമായ ഐക്യനിര പടുത്തുയർ
ത്തുക എന്നതാണു ഏററവും കരണീയമായ മാർഗ്ഗം. ഇത്തരമൊരു സഖ്യം
യഥാർത്ഥ ജനാധിപത്യത്തിനും മതേതരത്വത്തിനും വേണ്ടിയുള്ള പോരാട്ട
ത്തിന് ഒട്ടേറെ സംഭാവനകൾ നൽകാൻ കഴിയുന്ന ഒന്നായിരിക്കും.

21. 10. 1991

ദേശീയ സിക്രട്ടറി
കേരളീയ യുവജനവേദി
പി. ഒ. വാടാനപ്പള്ളി

പ്രിന്റോഗ്രാഫ്, ചെറുവണ്ണൂർ ഫോ : 422005